(ഇ) ഇപ്പോൾ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റ്, ഫാർമസിസ്റ്റ് തസ്തികയിലേക്കുള്ള സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിന് (12-4-1999) മുമ്പുള്ള യോഗ്യതയുടെ അടിസ്ഥാനത്തിലുള്ളതാണ്. 12-4-1999-നുശേഷം ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് സ്പെഷ്യൽ റൂൾ അനുശാസിക്കുന്ന യോഗ്യത ഉള്ളവരെ മാത്രമേ നിയമിക്കാനാവൂ. ഇപ്രകാരം യോഗ്യരായവർ ലഭ്യമല്ലാത്തതിനാലാണ് പി.എസ്.സി.-യിൽനിന്നും നിയമനം നടത്തുന്ന മുറയ്ക്ക് പഴയ വ്യവസ്ഥയിലേക്ക് തിരിച്ചുയയ്ക്കപ്പെടുമെന്ന വ്യവസ്ഥയിൽ താൽക്കാലിക നിയമനം നടത്തിയിട്ടുള്ളത്.

കരാർ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റ് തസ്തികയിൽ നിയമനം

159 [5304] ശ്രീ. കെ. പി. മോഹനൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നേരിട്ടോ ഫാർമസിസ്റ്റുകളുടെ പി.എസ്.സി. ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലനിൽക്കേ ഇതേ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റുകളുടെ ഒഴിവിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ണൂർ ജില്ലയിലെ പി.എസ്.സി. ലിസ്റ്റിലുള്ള എത്ര പേർക്ക് നിയമനം കൊടുത്തുവെന്ന് വ്യക്തമാക്കാമോ;

(ഡി) ബാക്കിയുള്ളവർക്ക് എന്നത്തേയ്ക്ക് നിയമനം കൊടുക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 12-4-1999-ൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾ അനുസരിച്ച് ഫാർമസിസ്റ്റ് തസ്തികയിലെ നിയമനത്തിനുള്ള യോഗ്യത നഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സ് ആണ്. നിലവിലുള്ള റാങ്ക് ലിസ്റ്റ് ടി യോഗ്യതയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതല്ല. ആയതിനാൽ 12-4-1999-ന് ശേഷം ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ കഴിയില്ല. 12-4-1999-ന് മുമ്പ് വന്ന ഒഴിവുകളിൽ ഈ ലിസ്റ്റിൽ നിന്നും 40 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) കരാർ അടിസ്ഥാനത്തിൽ ആരേയും നിയമിച്ചിട്ടില്ല.

(സി) 4 പേർക്ക് (12-4-1999-ന് മുമ്പ് ഉണ്ടായ ഒഴിവുകളിലാണ്).

(ഡി) 'എ' യിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മുദ്രപ്പത്ര നിരക്ക് മൂന്നിലൊന്നായി കുറയ്ക്കാൻ നടപടി

160 [5305] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുദ്രപ്പത്ര നിരക്ക് മൂന്നിലൊന്നായി കുറയ്ക്കുവാനുള്ള സർക്കാർ നടപടി ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

മുദ്രപ്പത്ര നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച നിയമനിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത സബ് രജിസ്ട്രാർ ഓഫീസുകൾ

161 [5306] ശ്രീ. കളത്തിൽ അബ്ദുള്ള:

,, വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ ഉണ്ട്;

(ബി) ഇതിൽ ഏതെല്ലാം രജിസ്ട്രേഷൻ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുവാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 145 എണ്ണം.

(ബി) താഴെ പറയുന്ന സബ് രജിസ്ട്രേഷൻ ഓഫീസുകൾക്ക് കെട്ടിടം പണിക്കായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്:

	ഓഫീസിന്റെ പേര്		തുക (ലക്ഷത്തിൽ)
1.	ശൂരനാട്		
2.	ചാത്തന്നൂർ		
3.	ഓയൂർ		5
4.	തേവലക്കര		
5.	കായംകുളം	..	2
6.	ഭരണിക്കാവ്	..	2
7.	ചെങ്ങമനാട്	..	2
8.	പോത്താനിക്കാട്	..	3.5
9.	അവനവഞ്ചേരി	..	2.5
10.	ഒഞ്ചിയക്കോട്	..	2.5
11.	വടക്കഞ്ചേരി	..	2
12.	കൊയിലാണ്ടി	..	1
13.	മട്ടന്നൂർ	..	1
14.	ഉളിക്കൽ	..	1

LIBRARY ARCHIVES Kerala Legislative Assembly